**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **T.1597**

10.02.2020 ൽ മറുപടിയ്ക്ക്

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടിക**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.സി.ജോസഫ്**<br>**,, വി.പി.സജീന്ദ്രൻ**<br>**,, അൻവർ സാദത്ത്**<br>**,, റോജി എം. ജോൺ** : | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി ) | |
| (എ) | 2015 -ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിൽ 2014 -ലെ ലോകസഭ തെരഞ്ഞെടുപ്പിലെ വോട്ടർ പട്ടികയാണോ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഉപയോഗിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | 2015-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടിക തയ്യാറാക്കിയത് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ 2014-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഉപയോഗിച്ച അസംബ്ലി ബൂത്ത്തല വോട്ടർ പട്ടിക വാർഡ് തലത്തിൽ ക്രമീകരിച്ചാണ്. |
| (ബി) | എങ്കിൽ പ്രസ്തുത വോട്ടർ പട്ടിക വാർഡ് തിരിച്ച് തയ്യാറാക്കിയാണോ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അന്ന് ഉപയോഗിച്ചത്; | (ബി) | കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ അസംബ്ലി ബൂത്ത്തല വോട്ടർപട്ടിക ഹൗസ് വെരിഫിക്കേഷൻ ഓഫീസർമാർ മുഖേന ഫീൽഡ് വെരിഫിക്കേഷൻ നടത്തി പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡ് തലത്തിൽ ക്രമീകരിച്ചാണ് 2015 ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് നടത്തിയത്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2020-ൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ 2019- ൽ നടന്ന ലോകസഭ തെരഞ്ഞെടുപ്പിലെ വോട്ടർ | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനത്തിലായതിനാൽ ഓരോ വാർഡിനും മാത്രമായി വോട്ടർപട്ടിക തയ്യാറാക്കേണ്ടതുണ്ട്. അസംബ്ലി, |

| | | | |
|---|---|---|---|
| | പട്ടിക ഉപയോഗിക്കുന്നതിന് പകരം 2015-ലെ വോട്ടർപട്ടിക ഉപയോഗിക്കുവാൻ തീരുമാനിച്ചത് ഏതു സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ; | | പാർലമെന്റ് തിരഞ്ഞെടുപ്പിന് അസംബ്ലി പോളിംഗ് ബൂത്ത് അടിസ്ഥാനമാക്കിയാണ് വോട്ടർപട്ടിക തയ്യാറാക്കുന്നത്. ഒരു അസംബ്ലി പോളിംഗ് ബൂത്തിൽ ഒന്നിലധികം പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡുകൾ ഭാഗികമായി ഉൾപ്പെട്ട് വരുന്നുണ്ട്. അതിനാൽ അസംബ്ലി ബൂത്ത്തല വോട്ടർ പട്ടിക അതേ രൂപത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന് ഉപയോഗിക്കാൻ കഴിയില്ല. അസംബ്ലി ബൂത്ത് പട്ടിക വാർഡ് തലത്തിൽ ക്രമീകരിക്കുന്നതിന് ഒരു ബൂത്തിന് ഒരു ഓഫീസർ എന്ന നിലയ്ക്ക് 25000-ത്തോളം ഉദ്യോഗസ്ഥരെ നിയോഗിച്ച് ഫീൽഡ് വെരിഫിക്കേഷൻ നടത്തേണ്ടിവരും. പിന്നീട് അവ ഡേറ്റാ എൻട്രി വരുത്തി വാർഡ് തലത്തിൽ ക്രമീകരിച്ച് പ്രസിദ്ധീകരിക്കണം. ഇതിന് കുറഞ്ഞത് 5 മാസകാലയളവും ഏകദേശം 10 കോടി രൂപയും വേണ്ടിവരും.<br>2015-ലെ പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായി അത്തരത്തിൽ വോട്ടർപട്ടിക ക്രമീകരിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്വന്തമായി ഒരു ഡാറ്റാബേസ് തയ്യാറാക്കിയിരുന്നു. അത് അടിസ്ഥാനമാക്കിയാണ് നാളിതുവരെയുള്ള ഉപതെരഞ്ഞെടുപ്പുകളും കമ്മീഷൻ നടത്തിയിരുന്നത്. അതിനാൽ 2020 ലെ പൊതുതെരഞ്ഞെടുപ്പിനായി പ്രസ്തുത വോട്ടർപട്ടിക പുതുക്കി ഉപയോഗിച്ചാൽ മതിയാകും. ഇപ്രകാരം വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. മുകളിൽ വിവരിച്ച കാരണങ്ങളാൽ 2020 ലെ പൊതുതിരഞ്ഞെടുപ്പിനായി 2019 ലെ ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടർപട്ടിക അടിസ്ഥാനമാക്കേണ്ടതില്ല എന്ന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അഞ്ച് വർഷം മുമ്പുള്ള വോട്ടർപട്ടിക ഉപയോഗിക്കുന്നതിലൂടെ അർഹരായ വോട്ടർമാർക്ക് അവരുടെ വോട്ടവകാശം വിനിയോഗിക്കുവാൻ അവസരം ഇല്ലാതാകുമെന്നതിനാൽ ഇക്കാര്യത്തിൽ പുന:പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | 2015 ലെ പൊതുതിരഞ്ഞെടുപ്പിന് ശേഷം ഉപതിരഞ്ഞെടുപ്പ് നടന്ന വാർഡുകളിൽ അതിന് ഉപയോഗിച്ച വോട്ടർപട്ടികയും മറ്റ് വാർഡുകളിൽ 2015 ലെ പൊതുതിരഞ്ഞെടുപ്പിന് ഉപയോഗിച്ച വോട്ടർപട്ടികയും 2020 ജനുവരി 20 ന് കരടായി പ്രസിദ്ധീകരിച്ച് തുടർനടപടി സ്വീകരിച്ച് വരുന്നു. അത്തരത്തിൽ തയ്യാറാക്കുന്ന വോട്ടർപട്ടിക വാർഡ് പുനർവിഭജനത്തിന് ശേഷം പുതിയ വാർഡുകളെ അടിസ്ഥാനമാക്കി പുന ക്രമീകരിച്ച് വീണ്ടും കരടായി പ്രസിദ്ധീകരിക്കും. അത്തരത്തിൽ തയ്യാറാക്കുന്ന വോട്ടർപട്ടിക ഉപയോഗിച്ച് 2020 ലെ പൊതുതിരഞ്ഞെടുപ്പ് നടത്താനാണ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്. അർഹരായ വോട്ടർമാർക്ക് പ്രസ്തുത വോട്ടർപട്ടികയിൽ പേര് ചേർക്കുവാൻ അവസരമുള്ളതിനാൽ വോട്ടവകാശം വിനിയോഗിക്കാനുള്ള അവസരം ഇല്ലാതാകുന്ന സാഹചര്യമില്ല. |

**സെക്ഷൻ ഓഫീസർ**